വ്യവസായസ്ഥാപനങ്ങളിലെ തൊഴിലാളികളുടെ ഡി. എ. യും. ശമ്പളവും വർദ്ധിപ്പിക്കുന്നതിനുള്ള നടപടികളും.

*373. [4] * ശ്രീ. ആർ. സുഗതൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് തൊഴിൽവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇന്നത്തെ വിലക്കയറ്റത്തിനാനുപാതികമായി സർക്കാർവക വ്യവസായസ്ഥാപനങ്ങളിലെ തൊഴിലാളികൾക്കു് ഡി. എ. യും. (പഞ്ഞപ്പടിയും) ശമ്പളവും, കൂലിയും വർദ്ധിപ്പിക്കാൻ ഗവണ്മെൻറു നടപടികൾ സ്വീകരിക്കുമോ ;

(ബി) ഇല്ലെങ്കിൽ കാരണമെന്തു് ?

വ്യവസായവകുപ്പുമന്ത്രി (ശ്രീ. കെ. എ. ദാമോദരമേനോൻ):

(എ, ബി) ഗവണ്മെൻറു വക വ്യവസായസ്ഥാപനങ്ങൾ ജോയിൻറു സ്റ്റാക്ക് കമ്പനികളായി പുനഃസംഘടിപ്പിച്ചിരിക്കുന്ന ഈ ഘട്ടത്തിൽ ഡി. എ. ശമ്പളം, കൂലി എന്നിവ പരിഗണിക്കേണ്ടതു് പുതിയ കമ്പനികളുടെ ബോഡ്സ് ആഫ് ഡയറക്ടേഴ്സ് ആണു്.

ശ്രീ. പി. രവീന്ദ്രൻ : ബോർഡ് ആഫ് ഡയറക്ടേഴ്സിനു ഈ കാര്യം ആലോചിക്കുവാൻ ഗവണ്മെൻറിൽ നിന്നു നിർദ്ദേശം കൊടുക്കുവാൻ ഭയവുണ്ടാകുമോ ?

ശ്രീ. കെ. എ. ദാമോദരമേനോൻ : നിർദ്ദേശം കൊടുക്കേണ്ട സമയം ആയിട്ടില്ല.

ശ്രീ. എം. നാരായണക്കുറുപ്പു്: ജോയിൻറു സ്റ്റാക്ക് കമ്പനികളായി രൂപാന്തരപ്പെടുത്തിയ സ്ഥാപനങ്ങളിലെ ജോലിക്കാർക്കു് മുമ്പുണ്ടായിരുന്ന ജോലി വ്യവസ്ഥ നഷ്ടപ്പെടാതിരിക്കാൻ എന്തു ഏർപ്പാടാണു് ഗവണ്മെൻറു ഉണ്ടാക്കിയിട്ടുള്ളതു്.

ശ്രീ. കെ. എ. ദാമോദരമേനോൻ: തൊഴിലാളികളുടെ ജോലി വ്യവസ്ഥകൾക്കു് യാതൊരു ഭംഗവും വരികയില്ല. അവർക്ക് കിട്ടേണ്ട ആനുകൂല്യങ്ങൾ കിട്ടാതിരിക്കുകയും ചെയ്യുകയില്ല.

ശ്രീ. ഈ. പി. ഗോപാലൻ: ജോയിൻറു സ്റ്റാക്ക് കമ്പനിയായി രൂപാന്തരപ്പെടുത്തിയിട്ടുള്ള സ്ഥാപനങ്ങളിലുള്ള ജോലിക്കാർക്കു് സാധനങ്ങളുടെ വിലവർദ്ധനവിനു അനുസരിച്ചു കൂലി വർദ്ധനവു് കൊടുക്കുവാൻ ഗവണ്മെൻറു നിർദ്ദേശം കൊടുക്കുമോ ?

ശ്രീ. കെ. എ. ദാമോദരമേനോൻ: ജോയിൻറു സ്റ്റാക്ക് കമ്പനിയായിട്ടു് രൂപാന്തരപ്പെടുത്തികഴിഞ്ഞ സ്ഥിതിക്കു് അവരാണു് ഇതേപറ്റി ആലോചിക്കേണ്ടതു്.

ശ്രീ. ടി. കെ. രാമകൃഷ്ണൻ: തൊഴിലാളികൾക്കു് ക്ഷാമബത്ത കൂട്ടികൊടുക്കുന്ന കാര്യത്തിൽ ഗവണ്മെൻറിൻെറ അഭിപ്രായമെന്താണു്. ആ അഭിപ്രായം ബോർഡു ആഫ് ഡയറക്ടേഴ്സിനെ അറിയിക്കുമോ ?

ശ്രീ. കെ.എ. ദാമോദരമേനോൻ: ഗവണ്മെൻറിൻെറ അഭിപ്രായം സാധനങ്ങളുടെ വില കൂടിവരുമ്പോൾ അതിനനുകൂലമായി തൊഴിൽശാലയിൽ പണിയെടുക്കുന്നവർക്കു് കൂലി കൂട്ടികൊടുക്കണമെന്നാണു്.

* Put by Shri P. Ravindran

LIBRARY ARCHIVES Kerala Legislative Assembly